**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1671** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>സ്വാതന്ത്ര്യസമര സ്മൃതി പാർക്കിന് വേണ്ടി ഭൂമി വാങ്ങൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ജി. ആർ. അനിൽ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കല്ലിംഗൽ പ്രദേശത്ത് സ്വാതന്ത്ര്യസമര പാർക്ക് നിർമ്മിക്കുന്നതിനായി നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ പേരിൽ ഭൂമി വാങ്ങുന്നതിന് 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ ആദ്യഘട്ടമായി അഞ്ച് കോടി രൂപ അനുവദിച്ചിരുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമി വാങ്ങിയ തീയതി, ആധാര നമ്പർ എന്നിവ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കല്ലിംഗൽ പ്രദേശത്ത് നെടുമങ്ങാട് നഗരസഭയുടെ പേരിൽ സ്വാതന്ത്ര്യ സ്മൃതി പാർക്കും, ഹാപ്പിനസ് പാർക്കും നിർമ്മിക്കുന്നതിന് ഭൂമി വാങ്ങുന്നതിലേയ്ക്കായി 2023-24 സാമ്പത്തിക വർഷത്തിൽ "4217-60-051-94 NP" എന്ന ശീർഷകത്തിൽ 5 കോടി രൂപയുടെ ഭരണാനുമതി നൽകി 01.03.2024-ലെ സ.ഉ.(സാധാ) നം.500/2024/ത.സ്വ.ഭ.വ., 06.11.2024-ലെ സ.ഉ.(സാധാ) നം.2115/2024/ത.സ്വ.ഭ.വ. എന്നിവ പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത തുകയും 3 കോടി രൂപ തനതുഫണ്ടും വകയിരുത്തി നെടുമങ്ങാട് സബ് രജിസ്ട്രാർ ഓഫീസിലെ 517/26-ാം നമ്പർ ആധാര പ്രകാരം 21.85 ആർ വസ്തു 06.03.2026-ൽ രജിസ്റ്റർ ചെയ്ത് വാങ്ങിയിട്ടുണ്ട്.

**(ബി)** ഇപ്രകാരം മുൻസിപ്പാലിറ്റിയ്ക്ക് വസ്തു നൽകിയ ഭൂഉടമയ്ക്ക് ഇതുവരെ ഭൂമിയുടെ വില ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിയ്ക്കുന്നതാണ്.

**(സി)** ഈ പ്രോജക്ടിന് രണ്ടാംഘട്ടമായി നെടുമങ്ങാട് മുനിസിപ്പാലിറ്റി പേരിൽ ഭൂമി വാങ്ങുന്നതിന് 2024-2025 സാമ്പത്തിക വർഷം ബഡ്ജറ്റിൽ അഞ്ചു കോടി രൂപ വകയിരുത്തിയിരുന്നതിന് ഭരണാനുമതി നൽകിയോ; ഭരണാനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

**<u>മറുപടി:</u>** പ്രസ്തുത പ്രോജക്ടിന്റെ രണ്ടാംഘട്ടമായി തുക അനുവദിയ്ക്കുന്നതിനുവേണ്ടിയുള്ള ഭരണാനുമതി പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

**സെക്ഷൻ ഓഫീസർ**